**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4513** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ; | (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള പദ്ധതികളാണ് നടപ്പ സാമ്പത്തിക വർഷവും (2021-22) നടപ്പിലാക്കി വരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് അന്തിമമാക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. എന്നാൽ നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി വിഭാഗക്കാർക്ക് സംരംഭകത്വ ധന സഹായമായി 10 ലക്ഷം രൂപ വീതം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | സംരംഭകത്വ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾസ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ